കഥ

# വയ്യാവേലി

**ജോൺ ഇളമത**

**ഞാ**ൻ രണ്ടാഴ്ചത്തേക്ക് നാട്ടിൽ പോകാൻ തീരുമാനിച്ചു. പെങ്ങൾക്ക് ഒരു കല്യാണാലോചന. പെട്ടെന്നു വന്നതാണ്. ചെറുക്കൻ കുവൈറ്റിൽ. കുവൈറ്റിൽ ദിനാറിന് നൂറ്റിപ്പത്തു രൂപയാണെന്ന് കേട്ടു. എന്നിട്ടും സ്ത്രീധനം അഞ്ചരലക്ഷം രൂപാ വേണമെന്ന് ചെറുക്കന്റെ വീട്ടുകാർക്കു നിർബന്ധം.

പെണ്ണ് എം.എസ്.സി. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായതാണ്. ചെറുക്കൻ കുവൈറ്റിലായതുകൊണ്ട് നാട്ടിൽ അവൾ പഠിച്ച കോളേജിൽ കിട്ടിയ ജോലി പോലും ഉപേക്ഷിച്ചു കല്യാണത്തിന് തയ്യാറെടുക്കുകയാണ്.

അമേരിക്കൻ ഡോളറിന് നാട്ടിൽ മുപ്പത്തിരണ്ടു രൂപാ നിരക്കിൽ അഞ്ചു ലക്ഷത്തിനും കല്യാണച്ചെലവിനും വേണ്ട ഡോളർ പെട്ടെന്നുണ്ടാക്കി ഞാൻ പെട്ടി കെട്ടി തയ്യാറാക്കി.

അപ്പോഴാണ് ഉറ്റ സുഹൃത്ത് ഗീവർഗീസ് എന്നെ ഫോണിൽ വിളിച്ചു പറയുന്നത്:

"കുഞ്ഞുമോനേ, എനിക്കൊരുപകാരം ചെയ്യണം. എന്റെ പേരന്റ്സിന് ഇവിടത്തെ തണുപ്പു സഹിക്കാതെ വരുന്നു. പോരെങ്കിൽ അച്ചായനു വാതവുമാണ്. അമ്മച്ചിക്ക് വല്ലപ്പോഴും ആസ്ത്മയും ഉണ്ട്. അതുകൊണ്ട് രണ്ടുപേർക്കും നാട്ടിൽ തിരിച്ചുപോകണമെന്നു പറയുന്നു. കുഞ്ഞുമോന്റെ കൂട്ടത്തിൽ അവരെക്കൂടെ നാട്ടിലേക്ക് വിടാമെന്നു കരുതുകയാണ്. കുഞ്ഞുമോന്റെ അതേ ഫ്ളൈറ്റിൽ തന്നെ ടിക്കറ്റ് ഓക്കെ ആക്കി വച്ചിരിക്കുകയാണ്."

ആരോടും പറയാതെ പെട്ടെന്നു നാട്ടിൽ പോയി വരാനിരുന്നതാണ്. എങ്ങനറിഞ്ഞു ഗീവർഗീസ് ഈ വിവരം? നാരീവിനിമയം നടത്തിയിരിക്കണം. എന്നു പറഞ്ഞാൽ എന്റെ ഭാര്യ ഗീവർഗീസിന്റെ ഭാര്യയോട് പറഞ്ഞിരിക്കണം. ഞങ്ങൾക്കും ഗീവർഗീസിന്റെ കുടുംബത്തിനും തമ്മിൽ വലിയ അടുപ്പമാണ്. ഒന്നാമത് ഞാനും ഗീവർഗീസും ഒരേ നാട്ടുകാർ. രണ്ടാമത് എന്റെ ഭാര്യയും ഗീവർഗീസിന്റെ ഭാര്യയും ഒരേ ഹോസ്പിറ്റലിലെ നേഴ്സുമാർ.

എനിക്ക് ഗീവർഗീസിനോട് നോ, എന്ന് പറയാനായില്ല. അമേരിക്ക കാണാൻ വന്ന പേരന്റ്സിനെ നാട്ടിലേക്കു കൊണ്ടുപോകുന്നത് ഇത്തിരി ബുദ്ധിമുട്ടുള്ള പണിയാണ്. അന്തസ്സും അഭിമാനവും ചിലപ്പോൾ ചോർന്നുപോയെന്നും വരാം.

വയ്യാവേലി വന്ന് തോളിൽ കയറിയത് കണ്ടില്ലേ! എന്തുചെയ്യാം? ഈയിടെയായി സമയം മോശമാണ്. ഈ ആഴ്ചത്തെ വാരഫലത്തിൽ പറയുന്നത് മാനഹാനി പണനഷ്ടം എന്നൊക്കെയാണ്. ഇതുരണ്ടും ഉണ്ടാകാതെ കരുതി നടക്കണമെന്നാണ് ജോത്സ്യന്റെ ഉപദേശം. എത്ര കരുതിയാലും ചിലപ്പോൾ ചിലതൊക്കെവന്നു കുറിക്കു കൊള്ളും.

അങ്ങനെ ഞാനും ഗീവർഗീസിന്റെ പേരന്റ്സും കെന്നഡി എയർപോർട്ടിൽ നിന്ന് ബോംബെയ്ക്കുള്ള എയർ ഇന്ത്യയിൽ യാത്രയായി. ഗീവർഗീസിന്റെ ഫാദർ (ഞാൻ ചേട്ടൻ എന്നാണ് വിളിക്കുന്നത്) സൂട്ടും ടൈയും അതിനു മീതെ നീളൻ ജാക്കറ്റും കൈയ്യുറയും ധരിച്ചിരുന്നു. ഇതൊന്നും പോരാഞ്ഞ് തലയിൽ ഒരു നേര്യത് വട്ടം കെട്ടിയിട്ടുണ്ടായിരുന്നു. കക്ഷി നാട്ടിൽ നിന്നു വന്നപ്പോഴേ തോളിൽ ചുറ്റിയിട്ടുകൊണ്ടുവന്ന നേര്യതാണ്. വെള്ള വോയിലിൽ കറുത്ത ചുട്ടിക്കരയുള്ള നേര്യത്! ഷർട്ട് കൈനീട്ടി, കഫ് റോൾഡ് ഗോൾഡ് ബട്ടൺ കൊണ്ടു കുത്തി, വെള്ള ഒറ്റമുണ്ട് ഉടുത്ത്, നേര്യത് തോളിൽ പാമ്പിനേപ്പോലെ വളച്ചുചുറ്റി, നരച്ച താടി മീശ വളർത്തി അരികു കത്രിച്ച്, വള്ളിച്ചെരുപ്പുമിട്ട രൂപത്തിലാണ് പുള്ളിക്കാരൻ അമേരിക്കയിൽ എത്തിയത്.

ഗീവർഗീസിന്റെ മദറാകട്ടെ (ചേട്ടത്തി) അണിഞ്ഞു വന്ന മുണ്ടും ചട്ടയും കസവുനേര്യതും മാറ്റി വൂളൻ പാന്റ്സും സ്വെറ്ററും, ജാക്കറ്റുമാക്കി. തലയിൽ കമ്പിളിതൊപ്പിയും കൈകളിൽ കമ്പിളി ഉറയും ധരിച്ചിരുന്നു.

എനിക്ക് അവരെ കുറ്റം പറയാൻ കഴിഞ്ഞില്ല. ന്യൂയോർക്കിൽ ഇക്കൊല്ലം മുടിഞ്ഞ തണുപ്പാണ്. പെരുവിരൽ മുതൽ തലനാരു വരെ അരിച്ചുകേറുന്ന മരവിപ്പേറ്റാൽ, വാതം മുതൽ ആത്സ്മ വരെ ഏത് ആരോഗ്യവാനും ഉണ്ടാകും.

എയർ ഇന്ത്യയുടെ പടുകൂറ്റൻ ജറ്റ് മേഘക്കെട്ടുകളിലേക്ക് പറന്നുയർന്നു. ഞങ്ങൾക്ക് ഏതാണ്ട് മദ്ധ്യഭാഗത്തുള്ള സൈഡ് സീറ്റാണ് കിട്ടിയത്. ചേട്ടന് സൈഡിൽ ഇരുന്ന് സീനറി കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ട് അറ്റത്തു തന്നെ ഇരുത്തി. നടുക്ക് ചേട്ടത്തി, ഇങ്ങേയറ്റം ഞാൻ. പ്ലെയിൻ പറന്നുയർന്ന് മണിക്കൂറുകൾ കഴിഞ്ഞിട്ടും ചേട്ടൻ തലയിലെ കെട്ടഴിക്കുകയോ ജാക്കറ്റ് ഊരിമാറ്റുകയോ, ചേട്ടത്തി കമ്പിളി തൊപ്പിയും കൈയ്യുറയും എടുത്തു മാറ്റുകയോ ചെയ്തില്ല. പ്ലെയിൻ എയർ കണ്ടീഷൻ ചെയ്തതാണെന്ന വിവരം അവരോട് ഒന്ന് പറഞ്ഞാലോ? അവരെ അപ്സറ്റ് ആക്കണ്ട എന്നു കരുതി സംയമനം പാലിച്ചു.

അറ്റത്തിരുന്ന ചേട്ടൻ താഴേക്കു നോക്കി അത്ഭുതം വിടന്ന കണ്ണുകളുമായി എന്നോട് ഓതി: "എങ്കിലും കുഞ്ഞുമോനേ, താഴേക്ക് ഒന്നു നോക്ക്, ഈ ലോകം എത്ര ചെറുതാണ്."

ഞാൻ ഉത്തരത്തിനു പകരമായി ചിരിച്ചു.

ഞാൻ ഓർക്കുകയായിരുന്നു. ഈ ലോകമെത്ര ചെറുതാണെന്നുള്ള കാര്യം കഴിഞ്ഞ പതിനെട്ടു വർഷമായി അമേരിക്കയിൽ ജീവിക്കുന്ന ഞാൻ നിത്യമായി കാണുന്നതാണ്. അവിടെയുള്ള ഓരോരോ മനുഷ്യരുടെയും പ്രവർത്തനം കണ്ടാൽ ലോകം ചെറുതാണെന്നു തന്നെയല്ല, പുല്ലാണെന്നു പോലും തോന്നിപ്പോകാറുണ്ട്.

പ്ലെയിൻ അറ്റ്ലാന്റിക്കിന്റെ മദ്ധ്യത്തിൽ അല്പാല്പം കാറ്റിൽ ഉലഞ്ഞു. സീറ്റ്ബൽട്ട് ഇടാൻ നിർദ്ദേശം വന്നു. കാറ്റിലുലഞ്ഞ പ്ലെയിനിന്റെ ആട്ടത്തിൽ മദ്ധ്യത്തിലിരുന്ന ചേട്ടത്തി രണ്ടുകൈകൊണ്ടും എന്റെ കൈകളിൽ ബലമായി അമർത്തിപ്പിടിച്ചു. എന്നിട്ടു മൊഴിഞ്ഞു: "മനം പുരട്ടുന്നു".

അവരുടെ കൈ തട്ടിമാറ്റി, സീറ്റിന്റെ മുമ്പിലുള്ള പ്ലാസ്റ്റിക്ക് കൂട് അവർക്ക് വേണ്ടിവായുടെ മുമ്പിൽ പിടിക്കാൻ ശ്രമിക്കവേ ചേട്ടത്തി എന്റെ മുഖത്തേക്കും, മടിയിലേക്കുമായി ഒരൊറ്റ തട്ട്! ദഹിച്ചതും, ദഹിക്കാത്തതുമായ ഇന്ത്യൻ വിഭവങ്ങൾ; കറിയും ചോറും.

ഈ ലോകം ചെറുതുമല്ല, പുല്ലുമല്ല, പുല്ലുമല്ല, ഭയങ്കരമായ ഒന്നാണെന്ന് എനിക്കു തോന്നി. സംയമനത്തിന്റെ പടവുകൾ സാവാധാനം ഞാൻ ചവുട്ടിക്കയറി. അപ്പോഴേക്കും ഭാഗ്യത്തിന്, കാറ്റിലുള്ള ഉലച്ചിൽ നിന്നു. സീറ്റ് ബൽട്ട് അഴിച്ച് ഞാൻ ചേട്ടത്തിയേയും കൂട്ടി ടോയ്‌ലറ്റിലേക്കു പോയി. അവരെ കഴുകി വൃത്തിയാക്കാൻ സഹായിച്ചു. പിന്നീട് ഞാൻ എന്നേയും കഴുകി. വീണ്ടും പൂർവ്വ സ്ഥാനത്തേക്ക് സീറ്റിൽ വന്നിരുന്നു.

പിന്നീട് ചേട്ടത്തി ഭക്ഷണം പോലും കഴിയ്ക്കാൻ തയ്യാറായില്ല. കഴിക്കാതെ ഇരിക്കട്ടെ എന്നു ഞാനും കരുതി. കഴിച്ചാൽ ഇനിയും ഛർദ്ദിക്കും. അതിനുശേഷം ചേട്ടത്തി തളർന്ന് എന്റെ തോളിലേക്ക് വീണ് കൂർക്കം വലിച്ച് ഒരൊറ്റ ഉറക്കം; ബോംബേവരെ നിർദ്ദയനായ ചേട്ടൻ അതു കണ്ടിട്ടും കണ്ടില്ലെന്നു നടിച്ച് താഴേക്കു കണ്ണും നട്ട് സീനറി കണ്ടുകൊണ്ടിരുന്നു. എന്റെ മനസ്സിൽ ഭയങ്കരമായ തെറികൾ തോന്നി. ശബ്ദമില്ലാത്ത ഭാഷയിൽ ഞാൻ ഉരുവിട്ടുകൊണ്ട് ഒരുവിധം ബോംബെ വരെ എത്തി.

ഇനി കസ്റ്റംസ് കടക്കണം. ചേട്ടന്റെയും ചെട്ടത്തിയുടെയും പെട്ടിയിൽ ഒന്നുമില്ലെന്നാണ് പറഞ്ഞത്. ധൃതിയിൽ നാട്ടിൽ പോകുന്ന എന്റെ പെട്ടിയിലും ഒന്നുമില്ലായിരുന്നു. ഞങ്ങൾ ഗ്രീൻ ചാനലിലൂടെ കടക്കാൻ ശ്രമിച്ചു. എന്നിട്ടും ഒരാഫീസർക്കു നൂറു യു.എസ്.ഡോളർ വേണം. ഗ്രീൻ ചാനലുപോലുമില്ലാതെ അദ്ദേഹം ഞങ്ങളെ കടത്താമെന്നായി. ഞാൻ സമ്മതിച്ചു.

ഗ്രീൻ ചാനൽ കടക്കുമ്പോൾ ചേട്ടത്തിയുടെ ദേഹപരിശോധനയിൽ "കീ, കീ" എന്നൊരു ശബ്ദമുണ്ടായി. ചേട്ടത്തിയെ പ്രൈവറ്റ് റൂമിൽ കൊണ്ടുപോയി. വസ്ത്രാക്ഷേപം നടത്തണമെന്നായി. പരിശോധനക്കാരി വനിതാപോലീസ്. ചേട്ടത്തിക്കു കാര്യം മനസ്സിലായി. ചേട്ടത്തി ചിരിച്ചു.

“എന്റെ പൊന്നേ, അത് സ്വർണ്ണവും വെള്ളിയുമൊന്നുമല്ല, ന്യൂയോർക്കിൽ നിന്നും വർഗീസ് കുട്ടിയുടെ ഭാര്യ വാങ്ങിച്ചു കൊടുത്ത റൗണ്ടിൽ കമ്പി കെട്ടിയ ബ്രായാണ്. ഒരു ഭംഗിക്ക് അതൊന്നു ധരിച്ചെന്നേയുള്ളൂ.”

ഏതായാലും വനിതാപോലീസ് അടങ്ങി. എങ്കിലും അരിശം മൂത്ത് കസ്റ്റംസ് ഓഫീസർ പെട്ടി മൂന്നും അഴിച്ചു പരിശോധിച്ചു. പൊടുന്നനവേ, ചേട്ടന്റെ പെട്ടിയിൽ നിന്ന് മൂർച്ചയുള്ള ഒരു വെട്ടുകത്തി ഓഫീസർ കണ്ടെടുത്തു. ഓഫീസറുടെ കണ്ണുകൾ ചുവന്നു. വെട്ടുകത്തി സഹിതം ചേട്ടന്റെ കൈ പിടിച്ച് ഓഫീസർ അകത്തെ മുറിയിലേക്കു പാഞ്ഞു. കാര്യമെന്തെന്നറിയാതെ ഞാൻ അന്തംവിട്ടു നിന്നു.

ഇരുപതു മിനിട്ടിനു ശേഷം, തളർന്ന മുഖമുള്ള ചേട്ടനെയും പിടിച്ച് വെട്ടുകത്തിയുമായി ഓഫീസർ തിരികെ വന്നു. എന്നിട്ടു സഹതാപപൂർവ്വം മൊഴിഞ്ഞു: “സോറി ഇനിയും പെട്ടികൾ എല്ലാം അടച്ചോളൂ” ഓഫീസർ വെട്ടുകത്തി എന്റെ കൈയ്യിൽ തന്നിട്ടു പറഞ്ഞു: “ഈ മനുഷ്യനെപ്പറ്റി ഒരു സംശയമുണ്ടായി. താടിയും, തലയിൽ കെട്ടുമുള്ള ഇതേ രീതിയിലുള്ള ഒരു സിക്ക് ഭീകരന് ഉണ്ട്. കഴിഞ്ഞ എയർ ഇന്ത്യാ സംഭവത്തിൽപ്പെട്ട ആൾ. വെട്ടുകത്തി കൂടി കണ്ടപ്പോൾ സംശയം വർദ്ധിച്ചു. ചോദ്യം ചെയ്യാൻ അകത്തേക്ക് എടുത്തതാ.”

ചേട്ടൻ വിയർക്കുകയായിരുന്നു. ഓഫീസർ മാറിക്കഴിഞ്ഞപ്പോൾ, ഭയം കുറഞ്ഞുകൊണ്ടിരുന്നപ്പോൾ വിറയ്ക്കുന്ന സ്വരത്തിൽ ചേട്ടൻ പറഞ്ഞു: “എന്റെ പൊന്നുമോനേ, നാട്ടിൽ മാടിന്റെ എല്ലു വെട്ടാൻ പറ്റിയ കത്തിയാണല്ലോ എന്നോർത്താ ഇതു പെട്ടിക്കകത്തു വച്ചത്. എന്നിട്ടവരെന്നെ അകത്തുകൊണ്ടുപോയി ചോദ്യം ചെയ്തപ്പോൾ, പഞ്ചാബിയൊണ്ടോ ഹിന്ദിയൊണ്ടോ ഇംഗ്ലീഷൊണ്ടോ എനിക്കറിയാവൂ; പറഞ്ഞു മനസ്സിലാക്കാനും പറഞ്ഞു പഠിപ്പിക്കാനും. അവർ പാസ്പോർട്ടാണ് ചോദിച്ചതെന്ന് എനിക്ക് മനസ്സിലായില്ല. അതിനിടെ ഒരു പോലീസുകാരൻ എന്റെ പള്ളക്കൊരു ചവിട്ട്. എന്നിട്ട് സിംഗാണോന്ന് ഒരു ചോദ്യം. അപ്പോൾ ഞാൻ വേദന കൊണ്ട് ഉറക്കെ പറഞ്ഞുപോയി! നോ സിക്ക്, നോ ഹിന്ദി, മലയാളി. ഇതിനിടെ മറ്റൊരു പോലീസ് എന്റെ പോക്കറ്റിൽ നിന്ന് പാസ്പോർട്ട് തപ്പിയെടുത്ത് പരിശോധിച്ചു. അപ്പോഴാണ് അവർക്ക് ആശ്വാസം വന്ന് എന്നെ തിരികെ വിട്ടത്.

അരിശം കൊണ്ടു ഞാൻ വിറച്ചു. ഗീവർഗീസ് എങ്ങാനും ഇതറിഞ്ഞാൽ ഞാൻ എന്തു സമാധാനം പറയും? ഇനിയും ഇത് ഇവിടെ പരാതിപ്പെടാമെന്നു കരുതിയാൽ, നിയമത്തിന് വാലും തലയുമില്ലാത്ത ഈ രാജ്യത്ത് രക്ഷപ്പെടുകയില്ല. ഞാൻ അരിശം കടിച്ചമർത്തി.

**********